**കേരള കാർഷിക സർവ്വകലാശാല**
സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി
പെരുമ്പാവൂർ,ഏറണാകുളം ജില്ല
ടെലിഫോൺ 9447163891;; ഇ മെയിൽ: amprs@kau.in; വെബ്സൈറ്റ്: http://amprs.kau.in

നമ്പർ:എ/583/25 തീയ്യതി: 08.04.2025

# <u>ക്വട്ടേഷൻ നോട്ടീസ്</u>

സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രത്തിൽ 2025 മെയ് മുതൽ 2025 ഒക്ടോബർ വരെയുള്ള കാലയളവിലേക്ക് പുരുഷ സെക്യൂരിറ്റി ഗാർഡുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അംഗീകാരമുള്ള സെക്യൂരിറ്റി ഏജൻസികളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കവറിനു പുറത്ത് "പുരുഷ സെക്യൂരിറ്റി ഗാർഡുകളെ നൽകുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതിയിരിക്കണം

**കരാറുകാരന്റെ/ഏജൻസിയുടെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ സംബന്ധിച്ച രേഖകൾ ക്വട്ടേഷനോടൊപ്പം നൽകേണ്ടതാണ്. സ്ഥാപനങ്ങൾ GST രജിസ്ട്രേഷൻ ഉള്ളവ ആയിരിക്കണം. GST നമ്പറും PAN നമ്പറും ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കണം.**

സീൽ ചെയ്ത ക്വട്ടേഷൻ 'പ്രൊഫസർ ആൻറ് ഹെഡ്, സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി' എന്ന വിലാസത്തിൽ 22.04.2025 2.30 pm മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം അപ്പോൾ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ 3.00 pm മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ തൃപ്തികരമെങ്കിൽ മാത്രം സ്വീകരിക്കുന്നതാണ്.

**<u>വ്യവസ്ഥകൾ</u>**

| | | |
|---|---|---|
| 1 | ജോലി | വാച്ചിങ് ഡ്യൂട്ടി - റോഡിനിരുവശത്തുമുള്ള സ്റ്റേഷൻറെ ഫാമും കെട്ടിടങ്ങളും. (ചുറ്റുമതിലുള്ള 30 ഏക്കർ വിസ്തൃതിയുള്ള സ്ഥാപനത്തിന്റെ കൃഷിത്തോട്ടം, വില്പനകേന്ദ്രം, ഓഫീസ് കെട്ടിടങ്ങൾ, ലബോറട്ടറി, ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെടുന്ന ഫാമിൽ റോന്തു ചുറ്റേണ്ടതാണ്) |
| 2 | സമയം | **രാത്രിഡ്യൂട്ടി** (എല്ലാ ദിവസവും): വൈകിട്ട് 5 മണി മുതൽ രാവിലെ 8 വരെ<br><br>**പകൽഡ്യൂട്ടി** (ഞായറാഴ്ചകളിലും ആവശ്യപ്പെടുന്ന മറ്റു അവധി ദിവസങ്ങളിലും): രാവിലെ 8 മണി മുതൽ വൈകുന്നേരം 5 വരെ |
| 3 | വേതനം | ഒരു മണിക്കൂറിനുള്ള വേതനം ആണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് |
| 4 | കാലാവധി | 2025 മെയ് മുതൽ 2025 ഒക്ടോബർ വരെയോ യൂണിവേഴ്സിറ്റി പകരം സംവിധാനം ഏർപ്പെടുത്തുന്നത് വരെയോ, ഏതാണോ ആദ്യം അതുവരെ. |
| 5 | സെക്യൂരിറ്റി ജോലിക്കാവശ്യമായ യോഗ്യത | പ്രായം: 30 നും 65 നും ഇടക്ക് , 7-)ം ക്ലാസ് വിദ്യാഭ്യാസം<br>സെക്യൂരിറ്റി ജോലിക്കാവശ്യമായ കായികക്ഷമത |
| 6 | അഭിലഷണീയ യോഗ്യത | മിലിട്ടറി സർവ്വീസ് അല്ലെങ്കിൽ അംഗീകൃത സെക്യൂരിറ്റി ഏജൻസിയിൽ ജോലി ചെയ്തിട്ടുള്ള പരിചയം |
| 7 | ജോലിക്കുള്ള പ്രതിഫലം അല്ലാതെ സർവ്വകലാശാലയിൽ നിന്ന് മറ്റ് അനുകൂല്യങ്ങളോ അവകാശങ്ങളോ ഉണ്ടായിരിക്കുന്നതല്ല | |
| 8 | നിയമിക്കപ്പെടുന്ന ഏജൻസി 200/- രൂപ സ്റ്റാമ്പ് പേപ്പറിൽ വ്യവസ്ഥകൾ അംഗീകരിച്ച് കരാർ ഒപ്പിടേണ്ടതും 10000/- രൂപ (പതിനായിരം രൂപ) സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതുമാണ്. സെക്യൂരിറ്റി തുക ബാധ്യതകൾ കഴിച്ച് കരാർ കാലാവധി കഴിഞ്ഞ ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ . | |

| | |
|---|---|
| 9 | വാച്ചിങ് ഡ്യൂട്ടിക്ക് മുടക്കം വരാൻ പാടുള്ളതല്ല. ഡ്യൂട്ടിയിൽ ഉള്ളയാൾ ലീവാകുന്ന പക്ഷം പകരം സെക്യൂരിറ്റി ഏജൻസി വഴി തന്നെ ആളെ അയയ്ക്കേണ്ടതാണ്. |
| 10 | ഓരോ സെക്യൂരിറ്റി ഏജൻസിയും വാച്ചിങ് ഡ്യൂട്ടിക്ക് ആളുകളെ നിയോഗിച്ചിട്ടുള്ള / ഇപ്പോൾ നിയോഗിച്ചുകൊണ്ടിരിക്കുന്ന മൂന്ന് സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ വിലാസം, ഫോൺ നമ്പർ എന്നിവ സമർപ്പിക്കേണ്ടതാണ്. |
| 11 | സെക്യൂരിറ്റിക്ക് എത്തുന്നവരുടെ തിരിച്ചറിയൽ രേഖകൾ കരാറുകാരൻ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്.<br>സെക്യൂരിറ്റി ഗാർഡുകൾ ക്രിമിനൽ കേസ്, കുറ്റകൃത്യങ്ങൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല എന്ന സത്യവാങ്മൂലം അവരിൽനിന്നും ശേഖരിച്ച് സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്. |
| 12 | കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും സേവനത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്തേണ്ടതാണ്.<br>നിയോഗിച്ച ആളുടെ വാച്ചിങ് ഡ്യൂട്ടി തൃപ്തികരമല്ലെങ്കിൽ പുതിയ ആളെ അയക്കേണ്ടതാണ് .<br>ആളുടെ പെരുമാറ്റദൂഷ്യം, അശ്രദ്ധ, ഡ്യൂട്ടിയിലുള്ള വീഴ്ച്ച എന്നിവമൂലം സ്ഥാപനത്തിന് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ഏജൻസി ഉത്തരവാദിത്വം ഏൽക്കേണ്ടതും യൂണിവേഴ്സിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം കരാറുകാരൻ നികത്തേണ്ടതുമാണ്.<br>സേവനം തൃപ്തികരമല്ലെങ്കിൽ കാരണം കാണിക്കാതെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ സെക്യൂരിറ്റി തുക സ്ഥാപനത്തിന് മുതൽ കൂട്ടുന്നതുമാണ്. |
| 13 | യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ അസ്ഥിരപ്പെടുത്തുന്നതിനും നിർത്തിവയ്ക്കുന്നതിനും സ്റ്റേഷൻ മേധാവിക്ക് അധികാരമുണ്ടായിരിക്കും. |
| 14 | കരാറുകാരൻ Individual ആണെങ്കിൽ വേതനത്തിൽ നിന്ന് 1% ഇൻകംടാക്സും അല്ലാത്ത പക്ഷം 2% ഇൻകംടാക്സും കിഴിവ് ചെയ്യുന്നതായിരിക്കും.<br>സർക്കാർ കാലാ കാലങ്ങളിൽ നടപ്പിലാക്കുന്ന മറ്റ് നികുതികളും ഒടുക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. |
| 15 | സെക്യൂരിറ്റി ഗാർഡുകളുടെ നിയന്ത്രണചുമതല ഒഴിച്ച് നിയമപരമായും അല്ലാതെയുമുള്ള എല്ലാ ബാധ്യതകളും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും |
| 16 | ഒരു മാസത്തെ സേവനത്തിനുശേഷം പ്രൊഫസർ ആൻറ് ഹെഡ്, സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലിയുടെ പേരിൽ ഇൻവോയ്സ് നൽകുന്ന മുറയ്ക്ക് ഇൻവോയ്സിൽ നിന്നും നിയമാനുസൃത ടാക്സുകൾ പിടിച്ചതിനു ശേഷം ബാങ്ക് പേയ്മെൻറ് നടത്തുന്നതാണ് . ഇതിനായി ക്വട്ടേഷൻ ഏതു പേരിലാണോ സമർപ്പിക്കുന്നത് ആ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ കോപ്പി നല്കേണ്ടതാണ്. |
| 17 | ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ ലഭ്യമാണ്. ഫോൺ നമ്പർ: 9744469876 |

**(ഒപ്പ്/-)**

**ഡോ.ആൻസി ജോസഫ്**

**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ്: നോട്ടീസ് ബോർഡ്

പകർപ്പ് : പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷിഭവൻ നോട്ടീസ് ബോർഡുകൾ,
സമീപത്തുള്ള സെക്യൂരിറ്റി ഏജൻസികൾ, ഫാം മാനേജർ.